(ബി) 1,07,99,486.50 രൂപ (ഒരു കോടി ഏഴു ലക്ഷത്തി തൊണ്ണൂറ്റൊൻപതി നായിരത്തി നാന്നൂറ്റി എൺപത്താറു രൂപ അൻപതു പൈസ).

(സി) ഫാക്ടറിയുടെ സ്ഥലവും കെട്ടിടവും കൈമാറുന്നതിനെ കുറിച്ച് അന്തിമമായി തീരുമാനിച്ചിട്ടില്ല. എന്നാൽ ചവറയിലെ ഈ സ്ഥാപനത്തിന്റെ സ്ഥലം കേരള ലേബർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനത്തിനായി ഉപയോഗപ്പെടുത്താമോ എന്ന കാര്യം പരിഗണിച്ചുവരുന്നു.

(ഡി) തീരുമാനമായിട്ടില്ല.

**സഹകരണസംഘങ്ങൾക്ക് സർക്കാരിൽ നിന്നുമുള്ള ധനസഹായം**

12 (*492) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. പി. രാഘവൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എൻ. ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് സർക്കാരിൽ നിന്നും ധനസഹായം നൽകുന്ന സംവിധാനം ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് സർക്കാരിൽ നിന്നും സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നത് ;

(സി) സഹകരണസംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിന് സർക്കാർ എന്തെല്ലാം മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത് ;

(ഡി) സർക്കാർ അനുവദിക്കുന്ന ധനസഹായം ശരിയായ രീതിയിൽ വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം ദുരുപയോഗപ്പെടുത്തുന്ന സംഘങ്ങളുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കാൻ വ്യവസ്ഥ ഏർപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) സഹകരണപ്രസ്ഥാനത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുവാനായിട്ടാണ് സഹകരണ സംഘങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിക്കുന്നത്.

(സി) ഓരോ പദ്ധതിക്കും പ്രത്യേകം പ്രത്യേകം നിബന്ധനകളാണ് നിശ്ചയിച്ചിട്ടുള്ളത്. പൊതുവായി സംഘങ്ങളിലെ അംഗത്വം, ഓഹരിമൂലധനം, നിലവിലുള്ള ആസ്തി/ബാദ്ധ്യത എന്നിവയുടെ അടിസ്ഥാനത്തിൽ, ഓരോ പദ്ധതിക്കും നിശ്ചയിച്ചിട്ടുള്ള പ്രോജക്ടിന്റെ സാദ്ധ്യതകൾ വിശകലനം ചെയ്ത്, സംഘത്തിന്റെ പ്രവർത്തനക്ഷമതയും സാദ്ധ്യതയും കണക്കിലെടുത്ത് അവയുടെ അടിസ്ഥാനത്തിലാണ് ഓരോ സംഘത്തിനും ധനസഹായം അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർക്കാർ അനുവദിക്കുന്ന ധനസഹായം ശരിയായ രീതിയിൽ വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് സംഘങ്ങളിൽ വിശദ പരിശോധനയും ഓഡിറ്റും നടത്താറുണ്ട്. കൂടാതെ, വൻകിട ധനസഹായ പദ്ധതികൾക്ക് ധനസഹായം ലഭിച്ചിട്ടുള്ള സംഘങ്ങൾ അത് ശരിയാംവിധം ഉപയോഗിച്ചിട്ടുണ്ടോ എന്ന് സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുള്ള ഹൈലെവൽ കമ്മിറ്റി അവലോകനം ചെയ്യാറുമുണ്ട്.

(ഇ) സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം ദുരുപയോഗപ്പെടുത്തുന്ന സംഘങ്ങളുടെ പേരിൽ കർശന നടപടി സ്വീകരിക്കാനുള്ള സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്.

**അണക്കെട്ടുകളുടെ ജലസംഭരണശേഷി**

13 (*493) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. പാലോട് രവി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു വിവിധ അണക്കെട്ടുകളുടെ ജല സംഭരണശേഷി കുറഞ്ഞു വരുന്നതു ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ ;

(സി) സംഭരണ ശേഷികുറഞ്ഞു വരുന്നതുമൂലം ധാരാളം ജലം പാഴായി പോകുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംഭരണശേഷി ഉയർത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ;

(ഇ) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതികൾ ലോകബാങ്കിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. തെരഞ്ഞെടുത്ത സംഭരണികളിൽ വന്നടിയുന്ന സെഡിമെന്റിന്റെ അളവു എത്രയാണെന്നുള്ളതിനെപ്പറ്റി പീച്ചി എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ പഠനം നടത്തിയിട്ടുണ്ട്.

(സി) സെഡിമെന്റേഷൻ ലവൽ ഡെഡ് സ്റ്റോറേജിന്റെ താഴെ ആയതുകൊണ്ട്, ജലം പാഴായിപ്പോകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly